No. CEE/4848/2013/KEAM-2014/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും, മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാമത്തെയും അലോട്ട്മെന്റ്

2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും, മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാമത്തെയും അലോട്ട്മെന്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ **30.08.2014** ന് ആരംഭിക്കും. 2014-ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലേയ്ക്കും, 2014-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് പുതുതായി ഉൾപ്പെടുത്തിയ ഹോമിയോപ്പതി, ആയുർവേദ, സിദ്ധ മെഡിക്കൽ കോളേജുകളിലേയ്ക്കും **2014 ആഗസ്റ്റ് 30-ാം തീയതി** മുതൽ **സെപ്തംബർ 4-ാം തീയതി വൈകുന്നേരം 4 മണി** വരെ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

### അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു

| | |
|---|---|
| 30.08.2014 | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ / ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ സൗകര്യം സജ്ജമാകുന്നു |
| 04.09.2014 , 4 p.m | ഓപ്ഷൻ രജിസ്ട്രേഷൻ / ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ സൗകര്യം അവസാനിക്കുന്നു |
| **10.09.2014** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 11.09.2014 to 13.09.2014 | അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക/അധിക തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ അടച്ച ശേഷം അതത് കോളേജുകളിൽ പ്രവേശനം നേടിയിരിക്കണം. |
| 13.09.2014 | കോളേജ് അധികാരികൾ നോൺ-ജോയിനിംഗ് റിപ്പോർട്ട് **വൈകുന്നേരം 05.30** മണിയ്ക്കു മുമ്പായി സമർപ്പിക്കണം. |

പ്രസ്തുത അലോട്ട്മെന്റിനെ തുടർന്ന് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അവ യഥാസമയം വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഈ ഘട്ടത്തിൽ താഴെക്കൊടുത്തിട്ടുള്ള ഡന്റൽ, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ മെഡിക്കൽ കോളേജുകളിലേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| ക്രമ. നം. | കോളേജ് കോഡ് | **കോളേജുകൾ** |
|---|---|---|
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 1 | AID # | Sree Anjaneya Institute of Dental Sciences, Modakkallur, Kozhikode |
| 2 | CDC | Century International Institute of Dental Sciences & Research Centre, Poinachi, Kasaragod |
| **സർക്കാർ/എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജുകൾ** | | |
| 1 | EKH | Dr. Padiyar Memorial Homoeopathic Medical College, Ernakulam |
| 2 | KKH | Govt. Homoeopathic Medical College, Kozhikkode |
| 3 | KTH | A N S S Homoeopathic Medical College, Kottayam |
| 4 | NEH | Shree Vidyadhiraja Homoeopathic Medical College, Nemom, TVM |
| 5 | TVH | Govt. Homoeopathic Medical College, Iranimuttam, TVM |
| **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ** | | |
| 1 | AHA# | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad. |
| 2 | KMA# | KMCT Ayurveda College, Kozhikode. |
| 3 | MAM | Mannam Ayurveda Co-operative Medical College, Pandalam. |
| 4 | NGL# | Nangelil Ayurveda Medical College, Kothamangalam, Ernakulam |
| 5 | PKJ | Pankaja Kasthuri Ayurveda College, Kattakkada, TVPM |

| | | |
|---|---|---|
| 6 | PNA# | PNNM Ayurveda Medical College, Cheruthuruthy, Shornur, Thrissur |
| 7 | PPA | P N Panicker Sauhrida Ayurveda Medical College,Kanhangad. |
| 8 | PRK | Parassinikadavu Ayurveda Medical College, Parassinikkadavu, Kannur |
| 9 | SGA | Santhigiri Ayurveda Medical College, Palakkad |
| 10 | SNA | Sree Narayana Inst. of Ayurvedic Studies & Research, Puthoor, Kollam. |
| 11 | VSH# | Vishnu Ayurveda College, Shornur, Palakkad |
| **സ്വകാര്യ സ്വാശ്രയ സിദ്ധ മെഡിക്കൽ കോളേജ്** | | |
| 1 | SGS# | Santhigiri Sidha Medical College, Koliacode, Thiruvananthapuram |

# 2014–15 വർഷത്തേയ്ക്കുള്ള ആയുഷ്–ന്റെ അംഗീകാരം/കേരളാ യുണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ അഫിലിയേഷൻ ലഭ്യമാക്കിയതിനുശേഷം മാത്രമേ ഈ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**ഫീസ് നിരക്ക്:**

| ബി.ഡി.എസ് | | | |
|---|---|---|---|
| സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ | 50% ഗവൺമെന്റ് സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 23,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 44,000/- രൂപ | മറ്റുവളളവർ **1,60,000/– രൂപ** |

| ആയുർവേദ (ബി എ എം എസ്) | |
|---|---|
| സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജുകൾ | 50% ഗവൺമെന്റ് സീറ്റ് |
| | 55,000/- രൂപ |
| **ഹോമിയോപ്പതി (ബി എച്ച് എം എസ്)** | |
| സർക്കാർ/എയ്ഡഡ് ഹോമിയോ കോളേജുകൾ | 2087/- രൂപ |

| സിദ്ധ (ബി എസ് എം എസ്) | |
|---|---|
| സ്വകാര്യ സ്വാശ്രയ സിദ്ധ മെഡിക്കൽ കോളേജ് | 50% ഗവൺമെന്റ് സീറ്റ് |
| | 55,000/- രൂപ |

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും താഴെപ്പറയുന്ന നിരക്കിലുള്ള തുക അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

1.എം.ബി.ബി.എസ്/ബി.ഡി.എസ് : **Rs. 1,000/-**

2. മറ്റ് കോഴ്സുകൾ : **Rs. 100/-**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യുണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4/ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

28.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**